**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1117** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് പ്രവൃത്തികളുടെ കലണ്ടർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പുതിയ റോഡുകൾ പൊളിച്ച് കുടിവെള്ള പൈപ്പിടുന്ന രീതിക്ക് മാറ്റം വരുത്താൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കാനുള്ള പ്രദേശങ്ങളിൽ **PWD** യുടെ പ്രവൃത്തികൾ നടത്തുവാനുദ്ദേശിച്ചിരിക്കുന്ന റോഡുകളുടെ ലിസ്റ്റ് മുൻകൂട്ടി വാങ്ങുകയും ആയതിന്റെ മുൻഗണന ക്രമത്തിൽ റോഡിന്റെ പണികൾ ആരംഭിക്കുന്നതിനു മുൻപ് തന്നെ പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അനുമതി **PWD** യിൽ നിന്നും കരസ്ഥമാക്കി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കുന്നതിന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ പ്രസ്തുത സ്ഥലത്തെ പ്രായോഗികത കണക്കിലെടുത്ത് റോഡ് മുറിക്കാതെ **HDD** രീതിയിൽ പൈപ്പ് സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | കുടിവെള്ള പൈപ്പിടുന്ന വേളയിൽ പൊളിക്കേണ്ടി വരുന്ന റോഡുകളെ പൂർവ്വ സ്ഥിതിയിൽ എത്തിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ തുക വകയിരുത്താറുണ്ടോ; ഇല്ലായെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ തന്നെ റോഡ് പുനഃസ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക കൂടി ഉൾപ്പെടുത്തിയാണ് ഭരണാനുമതി നല്കാറുള്ളത്. |

സെക്ഷൻ ഓഫീസർ